ശേഷം തുടർന്നുള്ള ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരുടെ പരിശോധനയിൽ ഉല്പന്നങ്ങൾ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ളവ അല്ലെങ്കിൽ ഇവ തിരസ്ക്കരിക്കാനും കരാറുകാരിൽ നിന്നും മാറ്റി വാങ്ങാനുള്ള സംവിധാനവും ഉണ്ട്. ഗുണനിലവാരം പരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട ഇ.കെ. മുരളീധരൻ കമ്മീഷൻ അംഗീകരിച്ച ക്വാളിറ്റി മാനുവൽ പ്രകാരമാണ്. ഉല്പന്നങ്ങളുടെ ജൈവസൂക്ഷ്മാണു പരിശോധന നടത്താൻ കോന്നിയിലുള്ള സി.എഫ്.ആർ. ഡി.യിൽ വ്യവസ്ഥയുണ്ട്. ഡിപ്പോകളിൽ നിന്ന് ഔട്ട്ലെറ്റ് തലങ്ങളിലേയ്ക്ക് അയയ്ക്കുന്ന സാധനങ്ങൾ ഔട്ട്ലെറ്റ് തലങ്ങളിൽ പരിശോധിക്കുവാനും അവ വ്യത്തിയാക്കൽ പ്രക്രിയ ചെയ്യുവാനും വ്യവസ്തയുണ്ട്. കോർപ്പറേഷനിലുള്ള വിജിലൻസ് വിഭാഗം എല്ലാ മാസവും സംസ്ഥാനത്തുള്ള ഡിപ്പോകളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധിപ്പിക്കുന്നുണ്ട്. ഉപഭോക്താവിന് ഗുണ മേൻമയിൽ സംശയം തോന്നുന്നപക്ഷം അത്തരം സാധനങ്ങൾ മടക്കി നൽകിയാൽ സാധനങ്ങളുടെ മുഴുവൻ വിലയും ഉപഭോക്താവിന് തിരികെ നൽകുവാനുള്ള സംവിധാനവും നിലവിൽ ഉണ്ട്. ഇവയുടെ വിവരം ശേഖരിക്കാൻ വില്പനശാലകളിൽ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കുകയും മേൽ നടപടി കൈക്കൊള്ളുകയും ചെയ്യുന്നു.

അന്യസംസ്ഥാനത്തുനിന്നുള്ള പാൽ വിതരണം

12 (*163) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണംചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ ; എങ്കിൽ വിശദ മാക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണ നിലവാരം സംബന്ധിച്ച് പരിശോധന നടത്താൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ;

(സി) പാലിൽ മായം ചേർക്കുന്നത് തടയാൻ കർശന നടപടികൾ സ്വീകരിക്കുമോ ;

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാൽ പ്രതിദിനം കേരളത്തിൽ എത്തുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്ത മാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ക്ഷീരവികസന വകുപ്പിൽ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസ് മുഖാന്തിരം കേരളത്തിലുടനീളം വിപണനം നടത്തുന്ന എല്ലാത്തരം ബ്രാൻഡ് പാലും പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നു. കൂടാതെ, MMPR 92 പ്രകാരം പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള ആലത്തൂർ MMPO ഡയറി ലാബിലും പരിശോധനാ സംവിധാനം നിലവിലുണ്ട്. കഴിഞ്ഞ വർഷം തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ച സ്റ്റേറ്റ് ഡയറി ലാബിലും പാലിന്റെ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരത്ത് ഗവൺമെന്റ് അനലിസ്റ്റ് ലാബും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ ഫുഡ് ഇൻസ്പെക്ടർമാർ പരിശോധനയ്ക്കായി എടുക്കുന്ന പാലിന്റെ സാമ്പിളുകൾ ടി ലബോറട്ടറികളിലേയ്ക്ക് അയയ്ക്കുകയും പരിശോധനയിൽ പി.എഫ്.എ. നിഷ്കർഷിക്കുന്ന ഗുണനിലവാരം പുലർത്താത്ത പാൽ വിൽക്കുന്നവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മിൽമ വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് മിൽമയുടെ എല്ലാ ഡയറികളിലും കുറ്റമറ്റ സംവിധാനങ്ങളോടുകൂടിയ ഗുണനിലവാര നിയന്ത്രണ ലബോറട്ടറികൾ നിലവിലുണ്ട്. പാൽ സംഭരണം മുതൽ വിതരണം വരെ പൂർണ്ണമായും ഗുണനിലവാര പരിശോധന നടത്തിയതിനുശേഷം മാത്രമാണ് വിതരണത്തിനയയ്ക്കുന്നത്.

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഓണക്കാലത്ത് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ ക്ഷീരവികസന വകുപ്പ് ചെക്ക് പോസ്റ്റിൽ താത്ക്കാലിക സംവിധാനം ഏർപ്പെടുത്തിവരുന്നു. ചെക്ക്പോസ്റ്റുകളിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും മിൽമ വാങ്ങുന്ന പാൽ മിൽമയുടെ ഡയറികളിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം മാത്രമേ സ്വീകരിക്കുന്നുള്ളു. ഈ കാരണത്താൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും മിൽമ കൊണ്ടുവരുന്ന പാൽ തികച്ചും സുരക്ഷിതവും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ളതുമാണ്.

(സി) ക്ഷീരവികസന വകുപ്പും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റിയും നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രതിദിനം 3-5 ലക്ഷം ലിറ്റർ പാൽ കേരളത്തിൽ എത്തുന്നുണ്ട്. ഉത്സവ സമയങ്ങളിൽ അത് 10 മുതൽ 12 ലിറ്ററായി വർദ്ധിക്കുന്നു. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നുമാണ് പാൽ എത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly